**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1049** **06-02-2023 - ൽ മറുപടിയ്ക്ക്**

**വരന്തരപ്പിള്ളി പഞ്ചായത്തിലെ ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി പഞ്ചായത്തിലെ ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഒന്നാം ഘട്ടം നിർമ്മാണത്തിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ, നടപടികൾ ഏത് ഘട്ടത്തിലാണ് എന്നും, എന്നേക്ക് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കും എന്നും അറിയിക്കാമോ; | (ബി) | വരന്തരപ്പിള്ളി പഞ്ചായത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ഒന്നാം ഘട്ടം നടപ്പിലാക്കുന്നതിനായി ഉടമ്പടി നം. 06/എസ്.ഇ.എം.ഐ.സി.സി/2022-23, തീയതി. 04/01/2023 പ്രകാരം ശ്രീ.കെ.കൃഷ്ണൻകുട്ടി എന്ന കരാറുകാരൻ ഉടമ്പടി വെച്ചിട്ടുള്ളതും 10/01/2023-ൽ എട്ടു മാസം പൂർത്തീകരണ കാലാവധിയോട്ടുകൂടി സൈറ്റ് കൈമാറിയിട്ടുള്ളതുമാണ്. പ്രവൃത്തി പുരോഗമിച്ചു വരികയാണ്. |
| (സി) | ഉപ്പുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ പൂർത്തീകരണത്തിനായി രണ്ടാം ഘട്ടം നിർമ്മാണത്തിനായി തുക അനുവദിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | പുതുക്കിയ ജി.എസ്.ടി പ്രകാരം റിവൈസ് ചെയ്തിട്ടുള്ള രണ്ടാം ഘട്ട പ്രവൃത്തിയ്ക്കായുള്ള 242 ലക്ഷം രൂപയുടെ ഡി.പി.ആർ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ തയ്യാറാക്കി വരുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ